<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനാറാം സമ്മേളനം**</u>

**നക്ഷത്ര ചിഹ്നമിടാത്ത** **05.11.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 2441**

<u>**വ്യവസായ സംരംഭകരെ പ്രോൽസാഹിപ്പിക്കാൻ പദ്ധതികൾ**</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | വ്യവസായ സംരംഭകരെ പ്രോൽസാഹിപ്പിക്കാൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | വ്യവസായ പുരോഗതിയിലൂടെ സംസ്ഥാനത്ത് തൊഴിൽ അവസരങ്ങളും റവന്യൂ വരുമാനവും നേടുന്നതിനായി സംരംഭകരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കേണ്ടതുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" നിലവിൽ വന്നു.<br><br>വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.<br><br>വ്യവസായ മേഖലയിൽ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി വ്യവസായ രംഗത്ത് അടിസ്ഥാനസൗകര്യ വികസനത്തിന് DIC മുഖേന വ്യവസായ |

| | | | |
|---|---|---|---|
| | | | പ്രദേശം/ പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപം - വിലയുടെ പലിശ ധനസഹായം, വ്യവസായ എസ്റ്റേറ്റുകളിലെ ബഹുനില കെട്ടിട സമുച്ചയങ്ങൾ (ഗാലകൾ), സംരംഭക സഹായ പദ്ധതി, ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ, സംരംഭകത്വ പരിശീലന പദ്ധതി, സംരംഭകത്വ ബോധവൽക്കരണ പദ്ധതി, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>KSIDC യുടെയും KINFRA യുടെയും അധീനതയിലുള്ള വ്യവസായ വളർച്ച കേന്ദ്രങ്ങളിലും, പാർക്കുകളിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) | സ്റ്റാർട്ടപ്പ് കമ്പനികൾക്കുള്ള ധനസഹായവും പ്രോത്സാഹനവും ഏതൊക്കെ പദ്ധതികളിലൂടെയാണ് നടപ്പിലാക്കുന്നത് വിശദമാക്കാമോ? | (ബി) | കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധന സഹായം നല്കി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90% മോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായം ആയി നല്കി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇത് വരെ 100 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. ഈ സംരംഭങ്ങൾ ആയിരത്തിൽ പരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇത് കൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.യുടെ വിവിധ ഇൻക്യുബേഷൻ സെൻററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 2 ഇൻക്യുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. 30 യുവ സംരംഭങ്ങൾ കെ.എസ്.ഐ.ഡി.സി.യുടെ വിവിധ ഇൻക്യുബേഷൻ സെൻററുകളിൽ ആയി ഇൻക്യുബേറ്റ് ചെയ്തിരിക്കുന്നു. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗനിർദ്ദേശ സെമിനാറുകളും ചർച്ച യോഗങ്ങളും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ സംസ്ഥാന സർക്കാർ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ